# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - വിവരാവകാശ നിയമം 2005 - വിവരാവകാശ നിയമമനുസരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിലെ എല്ലാ കുടുംബാംഗങ്ങൾക്കും ഫീസിളവ് നൽകിക്കൊണ്ട്- ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ (കൈ) നം.326 /2011/തസ്വഭവ. തീയതി, തിരുവനന്തപുരം : 27.12.2011**

പരാമർശം: 1. 9.05.2006 ലെ 11259/സിഡിഎൻ5/06/പൊഭവ നമ്പർ സർക്കാർ വിജ്ഞാപനം
2. 16.08.2007 ലെ സ.ഉ (കൈ) നം. 198/07/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. ഗ്രാമവികസന കമ്മീഷണറുടെ 05.01.2011 ലെ 30533/പി.ഐ.ഒ/10/ഗ്രാ.വി.ക നമ്പർ കത്ത്.

## ഉത്തരവ്

വിവരാവകാശ നിയമ പ്രകാരം വിവരം ലഭിയ്ക്കുന്നതിന് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർ ഫീസ് ഒടുക്കേണ്ടതില്ലായെന്ന് പരാമർശം (1)പ്രകാരവും ആയതിനായി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്ക്, സാക്ഷ്യപത്രം നല്കുന്നതിന് അതാത് സ്ഥലത്തെ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്. മേൽ ആനുകൂല്യം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കണമെന്ന് ആവശ്യമുയരുകയും ആയതിന്മേൽ പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

പരാമർശം (3) പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വിവരാവകാശ നിയമ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വിഭാഗത്തിൽപ്പെട്ടവർക്കുള്ള ഫീസിളവ് ലഭിയ്ക്കുന്നതിന് അപേക്ഷകൻ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബത്തിലെ ഗൃഹനാഥൻ/നാഥ ആയിരിക്കണമെന്ന് നിർബന്ധമില്ലെന്നും അപേക്ഷകൻ പ്രസ്തുത കുടുംബാംഗമായിരുന്നാൽ മതിയെന്നും ഇതിനായി നൽകുന്ന സാക്ഷ്യപത്രത്തിൽ ഗൃഹനാഥൻ/ ഗൃഹനാഥയുമായുള്ള ബന്ധം കൂടി രേഖപ്പെടുത്തി സാക്ഷ്യപത്രം നൽകുവാൻ അതാത് സ്ഥലത്തെ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിക്കൊണ്ടും സർക്കാർ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ആർ. സുലോചന
ഡെപ്യൂട്ടി സെക്രട്ടറി

ഗവർണ്ണറുടെ സെക്രട്ടറിയ്ക്ക്. (ആമുഖ കത്ത് സഹിതം)
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ ) കേരള, തിരുവനന്തപുരം.

സെക്രട്ടറി, കേരള നിയമസഭ. (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ.(ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം. (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, എറണാകുളം. (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കാലിക്കറ്റ്/കണ്ണൂർ സർവ്വകലാശാല. (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാല. (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, തൃശ്ശൂർ. (ആമുഖ കത്ത് സഹിതം)
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം. (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
മുഖ്യമന്ത്രിയുടെ/മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സ്പീക്കറുടെ/ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിയ്ക്ക്.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്. (മാധ്യമങ്ങളിലൂടെ പ്രചരണം നല്കുന്നതിന്)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
എല്ലാ ADC, DDC, JDC, ADDC മാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർമാർക്കും.(ഗ്രാമവികസന കമ്മീഷണർ മുഖേന)
പൊതുഭരണ (ഏകോപന) വകുപ്പ് - ആവശ്യമായ തുടർ നടപടികൾക്കായി (24.10.2011-ലെ U.O(F) നം. 53561/സി.ഡി.എൻ 5/11/ പൊഭവ പ്രകാരം)
തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ